പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7119 | 11.07.2014 ൽ മറുപടി നൽകേണ്ടത്

# മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. കെ. രാജു<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. വി. ശശി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ രൂപീകരിച്ചതെന്നാണ്; | (എ) 16.02.2011 ലാണ് മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ രൂപീകരിച്ചത്. 07.02.2012 ൽ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ചുമതല ഏറ്റപ്പോൾ മുതലാണ് പ്രസ്തുത ട്രൈബൂണൽ പൂർണമായും പ്രവർത്തന സജ്ജമായത്. |
| ( ബ 1 ) ഈ ട്രൈബ്യൂണലിന് മുൻപാകെ ഇതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതുവരെ എത്ര കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്; | (ബി) മൂന്നാർ പ്രത്യേക ട്രൈബ്യൂണലിന്റെ തുടക്കത്തിൽ 165 കേസുകൾ പരിഗണനയ്ക്ക് വന്നിരുന്നു. അതിൽ 89 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ബഹു.കേരള ഹൈക്കോടതിയുടെ 11.04.2014 ലെ ഒ.പി.(സി) 823/14 നമ്പർ കേസിലെ വിധിയെത്തുടർന്ന് 361 കേസുകൾ പ്രസ്തുത ട്രൈബൂണലിലേക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം ആകെ 526 കേസുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) കെട്ടിക്കിടക്കുന്ന കേസ്സുകൾ സമയ ബന്ധിതമായിതീർപ്പാക്കാൻ കഴിയാതിരിക്കുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) മൂന്നാർ പ്രത്യേക ട്രൈബ്യൂണലിൽ കേസുകൾ കെട്ടിക്കിടക്കുന്നില്ല. കേസുകളെല്ലാം തന്നെ നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. |
| (ഡി) തീർപ്പായ കേസ്സുകളിൽ എന്തെല്ലാം തുടർനടപടികൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ തീർപ്പുകല്പിച്ച ഓരോ കേസും പ്രത്യേകം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

C.K.V.Kumar
സെക്ഷൻ ഓഫീസർ